പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.691 — 29/01/2019 ലെ തിരുത്തൽ മറുപടി

## ശബരിമല യുവതി പ്രവേശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അനിൽ അക്കര | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമല ദർശനത്തിന് എത്തുന്ന യുവതികൾക്ക് പ്രത്യേക സുരക്ഷ ഒരുക്കണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നോ;വ്യക്തമാക്കുമോ; | (എ) | അത്തരം നിർദ്ദേശം ലഭിച്ചിട്ടില്ല. |
| (ബി) | ശബരിമലയിൽ യുവതി പ്രവേശം അനുവദിച്ച സുപ്രീംകോടതി വിധിക്ക് ശേഷം പത്തിനും അൻപതിനും ഇടയിൽ പ്രായമുളള എത്ര സ്ത്രീകൾ ശബരിമലയിൽ ദർശനം നടത്തി; വിശദമാക്കുമോ; | (ബി) | ശബരിമല എക്സിക്യൂട്ടീവ് ആഫീസറുടെ റിപ്പോർട്ട് പ്രകാരം 2 യുവതികൾ ശബരിമല ദർശനം നടത്തിയിട്ടുണ്ട്. ശബരിമല ദർശനത്തിനായി ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്ന സംവിധാനം നിലവിലുണ്ട്. ഡിജിറ്റൽ ക്രൗഡ് മാനേജ്മെന്റ് സിസ്റ്റം (ഡി.സി.എം.എസ്.) പ്രകാരം 2018-2019 ഉത്സവകാലത്തും ശബരിമല ദർശനത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ ഏർപ്പെടുത്തിയിരുന്നു. രേഖകൾ പരിശോധിച്ചതിൽ നിന്നും 40-നും 49-നും ഇടയിൽ പ്രായമുളള 67 സ്ത്രീകൾ ശബരിമല ദർശനത്തിനായി ഓൺലൈൻ ആയി രജിസ്റ്റർ ചെയ്തിട്ടുളളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ കുറെ പേർ കുടുംബത്തോടൊപ്പം ശബരിമലയിൽ ദർശനം നടത്തിയിട്ടുളളതായിട്ടാണ് അറിയാൻ കഴിഞ്ഞിട്ടുളളത്. |

| | | | |
|---|---|---|---|
| (സി) | ശ്രീലങ്കൻ യുവതി ശശികല ശബരിമലയിൽ ദർശനം നടത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച സ്ഥിരീകരണം എപ്രകാരമാണ് നടത്തിയത്; വെളിപ്പെടുത്തുമോ; | (സി) യും (ഡി) | ശ്രീലങ്കൻ യുവതി ദർശനം നടത്തിയിട്ടുളളതായി സ്ഥിരീകരണം ലഭിച്ചിട്ടില്ല. |
| (ഡി) | ശ്രീലങ്കൻ യുവതി ദർശനം നടത്തിയതിന് തെളിവില്ലായെന്ന നിലപാട് ദേവസ്വം ബോർഡ് സ്വീകരിച്ചിരുന്നോ; എങ്കിൽ അപ്രകാരം ഒരു നിലപാട് സ്വീകരിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ